بسم الله الرحمن الرحيم

# MESSAGE OF THE KHALIFATULLAH

***Hazrat Munir A. Azim (Atba)***

***On The Occasion Of The Jamaat Ul Sahih Al Islam***
***Kerala South Zone Jalsa Salana (22-23 December 2019)***

## ഖലീഫത്തുല്ലാഹ്‌യുടെ സന്ദേശം (22,23-12-2019)

**2019 ഡിസംബർ 22, 23 തീയതികളിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, കേരളസൗത്ത് സോൺ, 9-ാം വാർഷിക സമ്മേളനത്തിന് നല്കിയ ഖലീഫത്തുല്ലാഹ്‌യുടെ സന്ദേശം**

എന്റെ പ്രീയ അനുചരന്മാരെ!

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബർക്കാത്തുഹു.

2019 ഡിസംബർ 22,23 തീയതികളിൽ കേരള ജമാഅത്തിന്റെ ഒൻപതാമത് വാർഷിക സമ്മേളനം നടത്തുന്നു എന്നറിഞ്ഞതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്. അല്ലാഹു(ത)യുടെ മാർഗത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാ ത്യാഗങ്ങൾക്കും, ഈ ലോകത്തും പരലോകത്തും അല്ലാഹു(ത) നിങ്ങൾക്ക് അധികമധികമായ പ്രതിഫലങ്ങൾ നല്കി അനുഗ്രഹിക്കട്ടെ. നിങ്ങളുടെ പ്രവർത്തനങ്ങളിൽ അവൻ അനുഗ്രഹം ചൊരിയട്ടെ. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സ്ഥാപിതമായ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും കൂടുതൽ കൂടുതൽ മനസ്സിലാക്കുവാനുള്ള ഒരു ചവിട്ടുപടിയായി ഈ സമ്മേളനത്തെ അല്ലാഹു(ത) മാറ്റട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ സാധാരണ പറയുന്നതു പോലെ, ഇസ്ലാമിന്റെ കൊടി ഉയരങ്ങളിലേക്ക് ഉയരേണ്ടതായിട്ടുണ്ട്. മറ്റെല്ലാ കൊടികളെക്കാളും ഉയരത്തിൽ! അതുപാറേണ്ടതു തന്നെയാണ്. വിശുദ്ധഖുർആന്റെ സന്ദേശം ഓരോ മനുഷ്യനിലും എത്തേണ്ടതായിട്ടുണ്ട്. എല്ലാ നിറത്തിലുള്ള ആളുകളിലേക്കും, എല്ലാ വംശങ്ങളിലേക്കും, എല്ലാ സംസ്ക്കാരങ്ങളിലേക്കും അങ്ങനെ എല്ലാവരിലേക്കും പ്രസ്തുത ഖുർആൻ സന്ദേശം എത്തേണ്ടതാണ്. അന്ധകാര നിബിഡമായ ഒരു

നൂറ്റാണ്ടിനാണ് നാം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. നമുക്ക് ചുറ്റും മോഹഭംഗത്തിന്റെ വേലിയേറ്റങ്ങളാണ് നാം കാണുന്നത്. ഭൗതികമായ എല്ലാ സുഖസൗകര്യങ്ങളുണ്ടെങ്കിലും, എല്ലാ ഓരോ ഹൃദയത്തിലും അസ്വസ്ഥതയാണ് കുടികൊള്ളുന്നത്. സുഖമില്ലായ്മയാണ് അതിലുള്ളത്. ഇതിനുള്ള ഒരേ ഒരു കാരണം യഥാർത്ഥമായ സത്യമായ ദൈവത്തെ ആരാധിക്കുന്നതിൽ നിന്നും ജനം ഒഴിഞ്ഞുമാറിയിരിക്കുന്നു എന്നതു തന്നെയാണ്.

അൽഹംദുലില്ലാഹ്! ഈ അന്ധകാര നൂറ്റാണ്ടിൽ, അല്ലാഹു(ത) അവന്റെ സന്മാർഗ്ഗത്തിന്റെ പ്രകാശം, അവൻ തെരഞ്ഞെടുത്ത ഒരാളിലൂടെ, വെളിപ്പെടുത്തിയിരിക്കുന്നു; അതായത് ഈ വിനീതനിലൂടെ! ഖലീഫത്തുല്ലാഹ്‌യിലൂടെ! ഞാൻ പലപ്പോഴും വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്, നിങ്ങൾ മുസ്ലിംകൾ ആണെന്നു പറഞ്ഞതുകൊണ്ടും നിങ്ങൾ ശഹാദത്തു കലിമ(ലാഇലാഹ ഇല്ലല്ലാഹ്) അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്നു പറഞ്ഞതുകൊണ്ടും നിങ്ങൾ സന്തോഷഭരിതരായിരിക്കരുത് എന്ന്! വിശുദ്ധഖുർ ആൻ പാരായണം ചെയ്യുന്നവർക്ക് നല്ലതുപോലെ അറിയാം, അല്ലാഹു(ത) നാവുകൊണ്ടുള്ള ഭാഷണം കൊണ്ട് ആരോടും പ്രസാദിക്കുന്നവനല്ല എന്ന്! ഒരു വ്യക്തിയിൽ അവന്റെ ആന്തരിക നന്മ വെറും വാക്കുകളിലൂടെ വികാസം പ്രാപിക്കുന്നതുമല്ല. ഒരു വ്യക്തിയുടെ പ്രവർത്തനങ്ങൾ ശരിയായ നിലയിൽ ആകാത്തിടത്തോളം കാലം, അവന് ഒന്നും തന്നെ നേടുവാൻ കഴിയുന്നതല്ല.

ജൂതന്മാരിൽ ഒരുകാലം കഴിഞ്ഞുപോയിരിക്കുന്നു. വെറും വാക്കുകൾകൊണ്ടുള്ള പ്രഖ്യാപനങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. വെറും സംസാരത്തിൽ മാത്രം അവർ സംതൃപ്തരായി തീർന്നു. അവരുടെ ചുണ്ടുകളിൽ നിന്നും അനേകം ജല്പനങ്ങൾ മാത്രം വന്നുകൊണ്ടിരുന്നു. എന്നാൽ അവരുടെ ഹൃദയങ്ങൾ അശുദ്ധ ചിന്തകളാൽ നിറയപ്പെട്ടതായിരുന്നു. അവ വിഷലിപ്തവുമായിരുന്നു. അക്കാരണത്താൽ പ്രസ്തുത ജനതയെ അനേകം വിപത്തുകൾ ബാധിച്ചു. അനേകം കുഴപ്പങ്ങളാൽ അവർ ശിക്ഷിക്കപ്പെട്ടു. അവർ വളരെയധികം അപമാനിതരാക്കപ്പെട്ടു. പ്രസ്തുത ജനത കുരങ്ങന്മാരെപോലെ

ആയി തീർന്നു.

നാമിവിടെ ചിന്തിക്കേണ്ട കാര്യം ഇതാണ്. അവർ തൗറാത്തിൽ വിശ്വസിച്ചിരുന്നില്ലേ? തീർച്ചയായും അവർ വിശ്വസിച്ചിരുന്നു. അവർ ദൈവദൂതന്മാരിലും വിശ്വസിച്ചിരുന്നു. എന്നാൽ സർവ്വശക്തനായ ദൈവം അവരുടെ ചുണ്ടുകളിലൂടെയുള്ള വിശ്വാസത്തിൽ തൃപ്തനായില്ല, അവരുടെ ചുണ്ടുകളിൽ മാത്രമായിരുന്നു അവരുടെ വിശ്വാസം. അവരുടെ ചുണ്ടുകളും അവരുടെ ഹൃദയവും സമരസപ്പെട്ടുപോയില്ല.

പറയുന്ന കാര്യങ്ങൾ അവരുടെ ഹൃദയങ്ങൾ അംഗീകരിക്കേണ്ടതായിട്ടുണ്ട്. ഹൃദയങ്ങൾ അംഗീകരിച്ചാൽ അത് പ്രവർത്തിയിലൂടെ കാണുന്നതാണ്. ഹൃദയങ്ങൾ അംഗീകരിക്കുന്ന കാര്യങ്ങൾ പ്രവർത്തിയിലൂടെ കാണാത്തിടത്തോളം കാലം പ്രസ്തുത അധരവ്യായാമം കൊണ്ട് യാതൊന്നും നേടാവതല്ല.

നിങ്ങൾ ഓർത്തിരിക്കേണ്ട കാര്യം ഇതാണ്. ഇത് നല്ലതുപോലെ ഓർത്തിരിക്കണം. ഏകനായ ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് ഒരാൾ പ്രഖ്യാപിക്കുന്നു. അതുപോലെ ഇസ്ലാമിലെ പ്രവാചകനായ മുഹമ്മദ് മുസ്തഫ(സ)യിലും വിശ്വസിക്കുന്നു എന്നു പ്രഖ്യാപിക്കുന്നു. അതുപോലെ തന്നെ വിശ്വാസപരമായ മറ്റുകാര്യങ്ങളിലും വിശ്വസിക്കുന്നു. എന്നാൽ ഈ പ്രഖ്യാപനങ്ങളൊക്കെ വെറും വാക്കുകളിൽ മാത്രം ഒതുങ്ങിയാൽ, ഹൃദയം പ്രസ്തുത പ്രഖ്യാപനങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ, ഈ പറയുന്നതൊക്കെ വെറും വാക്കുകൾ മാത്രമായിരിക്കും. അതിൽ നിന്ന് യാതൊരു ഫലവും പുറത്തുവരുന്നതല്ല. പ്രഖ്യാപനങ്ങൾ കൊണ്ട് യാതൊന്നും നേടാവതല്ല. അത് ഹൃദയങ്ങൾ അംഗീകരിക്കേണ്ടതായിട്ടുണ്ട്, ഹൃദയങ്ങൾ അംഗീകരിച്ചു കഴിഞ്ഞാൽ, അത് പ്രവർത്തിയിലൂടെ, അതിന് സാക്ഷീകരണം ഉണ്ടാകാതിടത്തോളം ഈ പ്രഖ്യാപനങ്ങൾ കൊണ്ട് യാതൊന്നും നേടാവതല്ല.

ഞാനൊരു സത്യം വ്യക്തമാക്കുകയാണ്. ഒരുവൻ യഥാർത്ഥമായ ലക്ഷ്യം നേടുന്നത്, അവൻ സമ്പൂർണ്ണമായും ദൈവത്തിലേക്ക്  തിരിയുമ്പോഴാണ്, മറ്റെല്ലാകാര്യങ്ങളും, ഭൗതികമായ

മറ്റെല്ലാ കാര്യങ്ങളും ഒരു വശത്തേക്ക് മാറ്റി നിർത്തിയിട്ട്, അവന് അതിന് സാധ്യമായാൽ, അതായത് ദീനുൽ ഇസ്ലാമിന്, മറ്റെല്ലാ കാര്യങ്ങൾക്കും ഉപരിയായി സ്ഥാനം നല്കിയാൽ, അതായത് ഈ ലോകത്തിലെ മറ്റെല്ലാ കാര്യങ്ങൾക്കും ഉപരിയായ സ്ഥാനം നല്കിയാൽ, അവൻ തന്റെ യഥാർത്ഥമായ ലക്ഷ്യം നേടുന്നതാണ്.

ഓർക്കുക! ഒരു വ്യക്തിക്ക് മറ്റു സൃഷ്ടികളെ ചതിക്കുവാൻ സാധിക്കുന്നതാണ്. അഞ്ച് നേര പ്രാർത്ഥന നിർവ്വഹിച്ചു കൊണ്ടും ഒരു വ്യക്തിക്കു മററുള്ളവരെ ചതിക്കുവാൻ സാധിക്കുന്നതാണ്. അതല്ലെങ്കിൽ മറ്റെന്തെങ്കിലും നല്ല പ്രവർത്തികൾ ചെയ്തുകൊ ണ്ടും ചതിക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ ദൈവത്തെ ഇപ്രകാരം ചതിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ, നല്ല പ്രവർത്തനങ്ങൾ, നല്ല ഉദ്ദേശശുദ്ധിയോടെ ആയിരിക്കണം ചെയ്യേണ്ടത്. ഒരുവന്റെ പ്രവർത്തനങ്ങളുടെ മനോഹാരിത അതിലാണുള്ളത്. അത്തരം പ്രവർത്തനങ്ങളാണ്, അവരെ ഉയർത്തുന്നത്.

നാം എന്നും ഉരുവിടന്ന കലിമ എന്താണ് നമ്മെ പഠിപ്പിക്കുന്നത് എന്ന് നാം ഓർക്കേണ്ടതാണ്. കലിമയുടെ അർത്ഥം എന്താണ്? ഒരു വ്യക്തി നാവുകൊണ്ട് ഉറച്ചു പ്രഖ്യാപിക്കുന്നു; അത് ഹൃദയം കൊണ്ട് സാക്ഷീകരിക്കുന്നു; അതായത് ഒരുവന് ആരാധിക്കുവാനും സ്നേഹിക്കുവാനും ഉള്ളത്, അവന് ലക്ഷ്യമായിട്ടുള്ളതും, സർവ്വശക്തനായ ദൈവം മാത്രമാണ് അവനോടൊപ്പം മറ്റുയാതൊന്നുമില്ല. ഇലാഹ് എന്ന വാക്ക്, അതിന്റെ അർത്ഥം, സ്നേഹിക്കപ്പെടാനുള്ളത്, യഥാർത്ഥമായ ലക്ഷ്യം, ആരാധിക്കപ്പെടേണ്ടതായിട്ടുള്ളത്, എന്നൊക്കെയാണ് ഈ പ്രസ്താവന (അതായത് ഈ കലിമ) വിശുദ്ധഖുർആന്റെ സംഗ്രഹമാണ് അത് മുസ്ലിംകൾക്ക് പഠിപ്പിക്കപ്പെട്ടിരിക്കുകയാണ്. കാരണം ഒരു മഹത്തായ ഗ്രന്ഥം, ഒരു വിശദമായ ഗ്രന്ഥം, അതു മുഴുവൻ അപ്പാടെ ഓർത്തിരിക്കുവാൻ എളുപ്പമുള്ള കാര്യമല്ല. ആയതിനാലാണ് ഈ കലിമ അവർ പഠിപ്പിക്കപ്പെട്ടത്. അതുകൊണ്ട് പ്രസ്തുത ഗ്രന്ഥത്തിന്റെ സത്ത അവർക്ക് അവരുടെ മനസ്സിൽ സദാ ഓർത്തുവെയ്ക്കുവാൻ എളുപ്പമാണ്, സാധ്യവുമാണ്. ഈ പരമമായ യഥാർത്ഥ്യം ഒരാളിൽ വികാസം പ്രാപിക്കാ

ത്തിടത്തോളം കാലം, ഈ പ്രഖ്യാപനം കൊണ്ട് യാതൊരർത്ഥവുമില്ല. അതുകൊണ്ടാണ് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറയുന്നത്. ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്ന് പ്രഖ്യാപിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നു.

ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്ന് യഥാർത്ഥമായ നിലയിൽ വിശ്വസിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. ആളുകൾ സ്വയം വഞ്ചിതരായി പോകാൻ സാധ്യതയുള്ള ഒരു പ്രസ്താവനയാണിത്. അതായതു തത്ത ഉരുവിടുന്നതുപോലെ, ഇത്, ഉരുവിട്ടാൽ ഒരുവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ് എന്ന് കരുതിയാൽ അവന് തെറ്റിപ്പോയി. ഇപ്രകാരം ഒരുവിട്ടാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെങ്കിൽ, പിന്നെ, ഇസ്ലാമിക അധ്യാപനങ്ങൾക്കൊന്നും യാതൊരു പ്രസക്തിയുമില്ല. അല്ലാഹു(ത) നമ്മെ കാക്കട്ടെ! അപ്പോൾ കാര്യം അങ്ങനെയല്ല. സത്യം ഇതാണ്, ഈ പറഞ്ഞതിന്റെ സത്യം ഇതു തന്നെയാണ്. പ്രസ്തുത കലിമയിൽ അടങ്ങിയിരിക്കുന്ന സത്ത ഹൃദയത്തിൽ പ്രവേശിക്കുകയും അത് പ്രവൃത്തിപഥത്തിൽ കൊണ്ടു വരുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം സംഭവിച്ചാൽ, പ്രസ്തുത വ്യക്തി സ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നു. അത് മരണശേഷം മാത്രമല്ല അത് ഇഹലോകത്തു വെച്ചുതന്നെ അങ്ങനെ തന്നെ. അവൻ സ്വർഗ്ഗത്തിലാണ്.

ഒരു കാര്യം സത്യമായ വസ്തുതയാണ്. അത് ഗ്രഹിക്കുവാനും എളുപ്പമുള്ളതാണ്. ദൈവത്തോടൊപ്പം മറ്റൊരു പ്രേമഭാജനവും ഇല്ലാതിരിക്കുകയും, മറ്റൊരു ലക്ഷ്യവും ഇല്ലാതിരിക്കുകയും ചെയ്യുന്നവന് ഒരു വേദനയും ഒരു സങ്കടവും അവനെ അലട്ടുകയില്ല. അത് അത്യുന്നതമായ ഒരു സ്ഥാനം തന്നെയാണ്, അത് നേടുന്നവർ, ആത്മീയതയുടെ ഔന്നത്യങ്ങളിൽ വിരാചിക്കുന്നവരാണ്, അത് സൃഷ്ടിക്കുവാൻ കഴിയുന്നവർ മഹാഭാഗ്യവാന്മാർ!

നിങ്ങൾ വിചാരിക്കുന്നുണ്ടാകും, ഞങ്ങൾ വിഗ്രഹങ്ങളെ ഒന്നും ആരാധിക്കുന്നില്ല. ഞങ്ങൾ ദൈവത്തെ മാത്രമാണ് ആരാധിക്കുന്നത് ഓർക്കുക, ഇത് വളരെ അടിസ്ഥാനമായ,

ആത്മീയമായി വളരെ താഴ്ന്ന ഒരവസ്ഥയാണ് മനുഷ്യർ വിഗ്രഹങ്ങളെ ആരാധിക്കുന്നില്ല എന്നത്.

അനേകം ആത്മീയ സത്യങ്ങളെകുറിച്ചും അറിവില്ലാത്ത ഹിന്ദുക്കൾ, അവർ പോലും വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ നിന്നും വിമുഖത കാണിക്കുന്നവരുണ്ട്; മഅ്ബൂദ് എന്നാൽ ആരാധിക്കപ്പെടുന്നത് ഇതിന്റെ അർത്ഥം ആരാധിക്കപ്പെടുന്ന മനുഷ്യനും വിഗ്രഹങ്ങളും മാത്രമല്ല, ആരാധിക്കപ്പെടുന്ന മറ്റു വസ്തുക്കളുമുണ്ട്. ഇതു സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നത്, വ്യക്തിയും അവന്റെ ഇച്ഛകളും ആരാധ്യവസ്തുക്കളാക്കുന്നവരുണ്ട് എന്നാണ്. തന്റെ സത്തയെ തന്നെ ആരാധിക്കുന്ന വ്യക്തി, അല്ലെങ്കിൽ തന്റെ സ്വാർത്ഥമോഹങ്ങളെ ആരാധിക്കുന്ന വ്യക്തി, അവൻ സ്വയം വിധേയമായി മാറുകയാണ്, വിഗ്രഹാരാധകനായി മാറുകയാണ്, ബഹുദേവതാരാധകനായി മാറുകയാണ്. ലാഇലാഹ ഇല്ലല്ലാഹ് എന്നതിലെ ലാ സ്വന്തം അസ്തിത്വത്തെ മാത്രമല്ല എല്ലാ വിധ ദേവതകളെയും നിരാകരിക്കുന്നു. അത് സ്വയം ആയാലും ശരി വിഗ്രഹങ്ങളായാലും ശരി! അത് ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന വിഗ്രഹങ്ങളായാലും ശരി, അല്ലെങ്കിൽ ദൃശ്യമായ വിഗ്രഹങ്ങളായാലും ശരി! ഉദാഹരണമായി പറഞ്ഞാൽ, ഒരാൾ ഭൗതികതയിൽ പൂർണ്ണമായും ആശ്രയിച്ചാൽ, അതും ഒരു രീതിയിലുള്ള വിഗ്രഹം തന്നെയാണ്.

ഇത്തരം വിഗ്രഹാരാധന മായം പോലെയാണ്, പ്രസ്തുത വ്യക്തിയുടെ ജീവൻ തന്നെ കുറെശ്ശെയായി അത് എടുക്കുന്നു. അകത്തു നിന്നാണ് ഇതിന്റെ ആക്രമണം. ദൃശ്യമായ വിഗ്രഹങ്ങളെ നമുക്ക് എളുപ്പത്തിൽ കാണുവാൻ കഴിയും, അതേ നാണയത്തിൽ, അവയെ ഒരുവന് ഒഴിവാക്കുവാൻ എളുപ്പവുമാണ്, ആയിരകണക്കിനാളുകൾ അത്തരം വിഗ്രഹങ്ങളെ വിട്ടലകലുന്നതായും ഞാൻ കാണുന്നു. നിങ്ങളുടെ രാജ്യം (അതായത് ഇൻഡ്യയിൽ) അത് ഒരിക്കൽ പൂർണ്ണമായും ഹിന്ദുക്കൾ മാത്രമായിരുന്നു. എന്നിട്ട് കുറെശ്ശെയായി അവർ വിഗ്രഹാരാധനയിൽ പങ്കെടുക്കാത്തവരെ നമുക്ക് കാണുവാൻ കഴിയും. അത്തരം വിഭാഗങ്ങൾ ഹിന്ദുക്കൾക്കിടിയലുമുണ്ട്. എന്നാൽ വിഗ്രഹാരാധനയുടെ അവസാനം ഇവിടെ കൊണ്ട് തീരുന്നില്ല. പ്രത്യക്ഷമായ വിഗ്രഹാരാധന അവർ ഉപേക്ഷിച്ചു എന്നത് ശരിയാണ്,

എന്നാൽ ഓരോ വ്യക്തിയും ആയിരക്കണക്കിന് വിഗ്രഹങ്ങളെ അവന് ചുറ്റും കൊണ്ട് നടക്കുന്നു. അവരിൽപെട്ട തത്വചിന്ത കന്മാർക്കും, തർക്ക ശാസ്ത്ര വിദഗ്ധർക്കു പോലും തങ്ങളുടെ ഉള്ളിലുള്ള വിഗ്രഹങ്ങളെ മാറ്റി നിർത്തുവാൻ സാധിക്കുന്നില്ല എന്നത് വെറും വസ്തുത മാത്രമാണ്.

നമ്മുടെ ഉള്ളിലുള്ള അത്തരം വിരകളെ നീക്കം ചെയ്യുവാൻ ദൈവത്തിന്റെ അനുഗ്രഹമില്ലാതെ സാധിക്കില്ല എന്നത് ഒരു വസ്തുതയാണ്. ഈ വിരകൾ വളരെ സൂക്ഷ്മങ്ങളാണ്. ഈ സൂക്ഷ്മ ജീവികൾ വളരെ വലിയ ഉപദ്രവകാരികളാണ്. ദൈവം നിശ്ചയിച്ച പരിധികുളം നേർവഴിയും ഉപേക്ഷിച്ച്, അവരുടെ നഫ്സിന്റെ ഇഛയ്ക്ക് വശംവദരായി പോകുന്ന അനേകം ആളുകളെ നമുക്ക് കാണുവാൻ കഴിയും. ഇതിലൂടെ മനുഷ്യരുടെ അവകാശങ്ങളുടെ മേൽ അവർ കടന്നുകയറ്റം നടത്തുന്നു. ഇത് എഴുതുവാനും വായിക്കുവാനും അറിയാത്തവരുടെ പ്രശ്നം മാത്രമായി കരുതരുത്, മറിച്ച്, അവരിൽ അനേകർ അറിയപ്പെടുന്നത് സൂഫികൾ എന്നും ഫഖീഹ് എന്നുമാണ്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഇത്തരം ആളുകളെയും ഈ രോഗം ബാധിച്ചവരായി നമുക്ക് കാണുവാൻ കഴിയും. ധൈര്യമുള്ളവർക്ക് മാത്രമെ ഇത്തരം വിഗ്രഹങ്ങളെ വിട്ടുമാറുവാൻ കഴിയുകയുള്ളു. ഈ വിഗ്രഹങ്ങളെ തിരിച്ചറിയുവാൻ പ്രത്യേകമായ അറിവും ഗ്രഹണശക്തിയും കൂടിയ അളവിലുള്ളവർക്ക് മാത്രമെ കഴിയുകയുള്ളു.

ഈ വിഗ്രഹങ്ങൾ മൂലം ജനങ്ങൾക്കിടയിൽ കുഴപ്പം ഉണ്ടാകുന്നു. തിന്മകൾ വ്യാപിക്കുന്നു. ആയിരക്കണക്കിനാളുകൾ കൊല്ലപ്പെടുന്നു. ഇവർ മൂലം ദിനംതോറും തിന്മകൾ പടർന്നുകൊണ്ടിരിക്കുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിയുടെ അവകാശം കവർന്നെടുക്കുന്നു. ഭൗതികവസ്തുക്കളോടുള്ള അവരുടെ ആസ്കതി വളരെ വലുതാണ്. ദൈവം ഇവയെ വേണ്ടതിലധികമായ കാര്യമായാണ് കാണുന്നത് (ഭൗതിക കാര്യങ്ങളിൽ/ലോക കാര്യങ്ങളിൽ) ദൈവത്തിന്റെ ഏകത്വത്തെ മനസ്സിലാക്കിയിട്ടുള്ളവർ തുലോം തുഛമാണ്. എന്നാൽ ജനങ്ങളെ ഓർമ്മപ്പെടുത്തിയാൽ, അവർ ഉടൻ മറുപടി പറയും, അവർ മുസ്ലിംകൾ ആയിരുന്നില്ലേ? കലിമ ചൊല്ലുന്നവരായിരു

ന്നില്ലേ? ഖേദകരമായ കാര്യം എന്തെന്നുവെച്ചാൽ, അവർ ഇത് ചൊല്ലിയാൽ മതി എന്നുകരുതുന്നവരാണ്; ഈ കലിമ ചൊല്ലിയാൽ മതി എന്ന് കരുതുന്നവരാണ്.

പൂർണ്ണ ഉറപ്പോടെ ഞാൻ പറയുകയാണ്, ഒരാൾ കലിമ തയ്യിബ അഥവാ ശഹാദ: പൂർണ്ണബോധ്യത്തോടെ ചൊല്ലിയാൽ, അതനുസരിച്ച് അവൻ പ്രവർത്തിച്ചാൽ, അവൻ തീർച്ചയായും വളരെ വലിയ പുരോഗതി നേടുക തന്നെ ചെയ്യും, അവനിൽ തന്നെയും അവന്റെ ചുറ്റിലും ദൈവീക ദൃഷ്ടാന്തത്തിന്റെ ശക്തി പ്രഭാവവും അത്ഭുതകരമായ ദൃഷ്ടാന്തങ്ങളും ദൃശ്യമാകും, അത് അവന്റെ ജീവിതത്തിലുടനീളം തുടരുകയും ചെയ്യും.

ഇക്കാര്യം നിങ്ങൾ നല്ലപോലെ മനസ്സിലാക്കുക. ഞാനിതു പറയുന്നതും ഒരു സാധാരണ സന്ദേശമെത്തിക്കുന്ന ആൾ പറയുന്നതുപോലെയുള്ള ഒരു സന്ദേശമല്ല, അതല്ലെങ്കിൽ ഞാനീ പറയുന്നത് ഒരു കഥയുമല്ല. ഞാൻ ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് എന്ന നിലയിലാണ് ഇതു പറയുന്നത്. ഈ ഉപദേശം നല്കുന്നത്. അതിനു സാക്ഷ്യം വഹിക്കുവാൻ ഞാനിവിടെയുണ്ട്. അല്ലാഹു(ത) എന്നെ ഏല്പിച്ച ഈ സന്ദേശം നിങ്ങൾക്കെത്തിക്കേണ്ടതായിട്ടുണ്ട്. ഇതിന് (സന്ദേശത്തിന് ) ആരെങ്കിലും പരിഗണന നല്കുന്നു അല്ലെങ്കിൽ പരിഗണന നല്കുന്നില്ല എന്നത് എനിക്ക് പ്രശ്നമുള്ള കാര്യമല്ല. നിങ്ങൾ തന്നെ ആയിരിക്കും ഇതിന് ഉത്തരം പറയേണ്ടി വരിക. ഞാനെന്റെ ഉത്തരവാദിത്വം നിറവേറ്റുന്നു എന്നു മാത്രം. എന്റെ ജമാഅത്തിൽ അനേകർ പ്രവേശിച്ചതായി ഞാൻ കാണുന്നു. അവർ തൗഹീദിൽ വിശ്വസിക്കുന്നു. എന്നാൽ എനിക്കു പറയുന്നതിൽ വിഷമമുണ്ട്, അവർ ഈ സന്ദേശത്തിൽ യഥാർത്ഥത്തിൽ വിശ്വസിച്ചിട്ടില്ല. തന്റെ സഹോദരന്റെ അവകാശങ്ങളെ കയ്യൂക്ക് കൊണ്ട് കവർന്നെടുക്കുന്നവൻ, അല്ലെങ്കിൽ അവനോട് സത്യവാനായല്ലാതെ പെരുമാറിയാൽ, എല്ലാവിധ അധാർമ്മികതയിൽ നിന്നും വിട്ടുമാറാതിരുന്നാൽ, അത്തരം ഒരു വ്യക്തിയെ, എന്റെ വീക്ഷണത്തിൽ, തൗഹീദിൽ വിശ്വസിച്ചവനായി ഞാൻ കരുതുന്നില്ല.

ഞാനിത് പറയുന്നതിന്റെ കാരണം, ഏക ദൈവത്തിലുള്ള വിശ്വാസം, അത് അത്തരം ഒരു അനുഗ്രഹമാണ്, അത്തരം ഒരു

അനുഗ്രഹം ഒരു വ്യക്തിനേടുമ്പോൾ, അവനിൽ അസാധാരണമായ, ശക്തിമത്തായ ഒരനുകൂല മാറ്റം സംഭവിക്കുന്നു. വിദ്വേഷത്തിന്റെ വിഗ്രഹങ്ങൾ, മോശമായ വിചാരങ്ങൾ, അസൂയ, നാട്യം തുടങ്ങിയ കാര്യങ്ങൾ അവനിൽ കുടികൊള്ളുന്നതല്ല. അവൻ ദൈവവുമായി കൂടുതൽ ചേർന്നു നില്ക്കുന്നു. അത്തരം സാഹര്യത്തിൽ, അവന്റെ ആന്തരിക വിഗ്രഹങ്ങളായ ഗർവ്വ് അഥവാ ഞാനെന്ന ഭാവം, സ്വാർത്ഥത, പ്രകടനം, പക, ശത്രുത, അസൂയ, അല്പത്തം, ചെറ്റത്തരം, മ്ളേഛത, വാഗ്ദാനലംഘനം, തുടങ്ങി ഇത്തരത്തിലുള്ള കാര്യങ്ങളെല്ലാം അവനിൽ നിന്ന് അകന്നുപോയിരിക്കും ഇവ അവന്റെ ഉള്ളിൽ വസിച്ചിരുന്നതാണ്.

ഇത്തരം ഒരവസ്ഥയിൽ എത്തുന്നതുവരെ ഒരാൾക്ക് എങ്ങനെയാണ് ലാഇലാഹ ഇല്ലല്ലാഹ്യിൽ വിശ്വസിക്കുന്നു എന്നു പറയുവാൻ കഴിയുക. ദൈവത്തിൽ പരിപൂർണ്ണമായും ഭരമേല്പിക്കുവാൻ കഴിയണമെങ്കിൽ ഇവയൊക്കെ അവനിൽ നിന്നും വേർപെട്ടു പോകണം. അങ്ങനെ, പങ്കുകാരില്ലാത്ത ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്നതിലൂടെ, ഒരു പ്രയോജനവും ഉണ്ടാവുന്നില്ല എന്നത് ഉറപ്പായ കാര്യമാണ്. ഒരു മിനിട്ടിൽ ഒരുവൻ കലിമ ചൊല്ലുന്നു. എന്നാൽ അടുത്ത മിനിട്ടിൽ, അവന്റെ ആഗ്രഹങ്ങൾക്കെതിരായി ഒരു ചെറിയ പ്രവർത്തി ഉണ്ടായാൽ, അവനതാ കോപാകുലനായി മാറുന്നു, അവന്റെ ദൈവങ്ങളെ പോലെ അവൻ ശാപം ചൊരിയുന്നു.

ഞാൻ ആവർത്തിച്ച് ഈ കാര്യം പറയുന്നത്, ഈ കാര്യം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്, അതായത് ഇത്തരം മറയപ്പെട്ട ദൈവങ്ങൾ കുടികൊള്ളുന്നിടത്തോളം കാലം, നിങ്ങൾക്ക് യഥാർത്ഥമായ ഏകദൈവവിശ്വാസി ആയി മാറുവാൻ സാധിക്കുകയില്ല. ഭൂമിയിൽ എലികൾ ഉള്ളിടത്തോളം കാലം, നിങ്ങൾ പ്ളേഗിൽ നിന്ന് സുരക്ഷിതരാണെന്നു കരുതരുത്. അതുപോലെ നിങ്ങളുടെ ഉള്ളിൽ എലികൾ ഉള്ളിടത്തോളം കാലം നിങ്ങളുടെ വിശ്വാസം അപകടത്തിൽ തന്നെയാണ്. ഞാൻ പറയുന്നത് നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുക. എന്നിട്ട് അവ പ്രവർത്തിപഥത്തിൽ കൊണ്ടു വരുവാനായി ചില നടപടികൾ കൈകൊള്ളുക. എനിക്കറിയില്ല ഈ സമ്മേളനത്തിൽ നിന്നും വീണ്ടും ഇവിടെ ആരൊക്കെ കാണും ആരൊക്കെ കാണുകയില്ല എന്ന്! അതു

കൊണ്ടാണ് ഞാൻ ചിന്തിച്ചത് ഏതാനുംവാക്കുകൾ പറയേണ്ടത് അനിവാര്യമാണെന്ന്! നിങ്ങളുടെ ഈ സമ്മേളന വേദിയിൽ! എനിക്ക് ഈ സുവർണ്ണാവസരം ലഭിച്ചു, ഞാനെന്റെ ഉത്തരവാദിത്വം നിറവേറ്റി! ആൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ് യാറബ്ബൽ ആലമീൻ!

എന്റെ സന്ദേശത്തിന്റെ ചുരുക്കം നിങ്ങളുടെ മലയാള ഭാഷയിൽ പരിഭാഷപ്പെടുത്തുന്നതാണ്. കലിമ എന്നതാണ് വിഷയം. സർവ്വശക്തനായ അല്ലാഹു നിങ്ങളുടെ ആരാധ്യനാണ്; അതായത് നിങ്ങളുടെ ദൈവമാകുന്നു. നിങ്ങളുടെ സ്നേഹഭാജനവും നിങ്ങളുടെ ലക്ഷ്യവും അവനാണ്. ഈ മഹോന്നതമായ സ്ഥാനം നിങ്ങൾക്ക് കരസ്ഥമാക്കാവുന്നതാണ്; നിങ്ങളുടെ ആന്തരികമായ എല്ലാ തിന്മകളേയും ശുദ്ധീകരിക്കുന്നതിലൂടെ മാത്രമെ നിങ്ങൾക്കത് കരഗതമാകുകയുള്ളു. നിങ്ങളുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്ന എല്ലാ വിഗ്രഹങ്ങളെയും നിങ്ങൾ നീക്കം ചെയ്യുക. അത് നിങ്ങൾക്ക് മാത്രമെ കഴിയുകയുള്ളു ഇൻശാ അല്ലാഹ്!

അല്ലാഹു(ത) നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ! അവന്റെ ഇഷ്ടപ്പെട്ട അനുഗ്രഹങ്ങൾ നിങ്ങളുടെ മേൽ അവൻ ചൊരിയട്ടെ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സൗത്ത് കേരള, ഹെഡ്ക്വാർട്ടോസിലേക്ക്, ദീർഘദുരം യാത്ര ചെയ്തു നുറൂൽ ഇസ്ലാം മസ്ജിദിൽ എത്തിച്ചേർന്ന് രണ്ടു ദിവസത്തെ വാർഷികയോഗത്തിൽ പങ്കെടുക്കുന്ന നിങ്ങൾക്ക്, എന്റെ വാക്കുകൾ ശ്രവിക്കുന്ന നിങ്ങൾക്ക്, തീർച്ചയായും ഞാൻ, ഈ നൂറ്റാണ്ടിലെ! ഖലീഫത്തുല്ലാഹ്യാണ്; മുഹ്യിദ്ദീനാണ്. അൽമസീഹ് മൗഊദാഅ്, ആമീൻ സുമ്മആമീൻ




*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*